കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം. കെ.എസ്.എ/എം.പി.എം.11/2424/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി.07/11/2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വെട്ടത്തൂർഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തേ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmissionഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം ജില്ല

3)പെർഫോമൻസ് ഓഡിറ്റ് (ജനറൽ)മലപ്പുറം ജില്ല.

4)കാര്യാലയപകർപ്പ്

എബികെ 11/18

നം. കെ.എസ്.എ/എം.പി.എം.11/2424/2018

തിയ്യതി:07/11/2018

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 10.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 11.09.2018 മുതൽ 24.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.നസ്സീർ.ടി.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അബ്ദുൾ ഗഫൂർ. | അസി. ഓഡിറ്റ്ഓഫീസർ |
| | ശ്രീ.സക്കീർഹുസ്സൈൻ | അസി. ഓഡിറ്റ്ഓഫീസർ |
| | ശ്രീ.ഷാജഹാൻ ഖുറൈശി | സീനിയർ ഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അന്നമ്മ. വള്ളിയാംതടത്തിൽ | 01.04.2017മുതൽ31.03.2018വരെ |
| സെക്രട്ടറി | ശ്രീ.വേലായുധൻ.വി.എൻ | 01.04.2017മുതൽ 2.06.2017വരെ |
| | ശ്രീ.മോഹൻദാസ്.ടി.സി | 3.06.2017മുതൽ 22.06.2017വരെ |
| | ശ്രീ.പ്രസാദ് | 23.06.2017മുതൽ 7.07.2017വരെ |
| | ശ്രീമതി.പ്രേമ.വി.ജി | 08.7.2017മുതൽ 31.03.2018വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.മോഹൻദാസ്.ടി.സി | 01.04.2017മുതൽ31.3.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.രാജീവൻ.വി.വി | 01.04.2017മുതൽ31.3.2018വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി.ഷീജ വാസു | 01.04.2017മുതൽ31.3.2018വരെ |
| ICDSസൂപ്പർവൈസർ | ശ്രീമതി.കല്ല്യാണി.ടി | 01.04.2017മുതൽ31.1.2018വരെ |
| | ശ്രീമതി.ഉമമുസൽമ്മ.എം | 01.2.2018മുതൽ31.3.2018വരെ |
| വി.ഇ.ഒ | ശ്രീ.ജുനൈദ് | 01.04.2017മുതൽ15.11.2017വരെ |
| | ശ്രീമതി ഷീജ.എൻ | 16.11.2017മുതൽ31.03.2018വരെ |
| ഹെഡ്മിസ്സ്ട്രസ്സ് | ശ്രീമതി.സാലിക്കുട്ടി.പി.വി | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ:ശബ്ണം. | 01.04.2017മുതൽ31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | വാണിജ്യ കെട്ടിടങ്ങളിലെ ഒരേ ഉപയോഗക്രമങ്ങളുള്ള മുറികൾക്ക് വെവ്വേറെ വസ്തുനികുതി നിശ്ചയിച്ച - 24,769 /-രൂപനഷ്ടം | 2-1 |
| 14 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-3 |
| 16 | ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 2-4 |
| 17 | കെട്ടിടം പൊളിക്കൽ - പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തില്ല | 2-5 |
| 18 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല | 2-6 |
| | ഭാഗം 3 | |
| 19 | കരാറുകാരന് ബിൽ തുകയോടൊപ്പം സർവ്വീസ് ടാക്സ് നൽകി | 3-1 |
| 20 | ആദായ നികുതി,നിർമ്മാണതൊഴിലാളിക്ഷേമനിധി എന്നിവ കുറവായി ഈടാക്കി. | 3-2 |
| 21 | തൊഴിലുറപ്പ് പ്രവൃത്തി -ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിൽ പുരോഗതിയില്ല | 3-3 |
| 22 | പൊതുമരാമത്ത് പ്രവൃത്തികൾ- അവലോകനം | 3-4 |
| 23 | പ്രൊജക്റ്റ് നിർവ്വഹണം -കാര്യക്ഷമമല്ല | 3-5 |
| 24 | അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ -സ്റ്റാന്റിംഗ് കമ്മറ്റി ഇടപെടൽ കാര്യക്ഷമമല്ല | 3-6 |
| 25 | പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ | 3-7 |

| | | |
|---|---|---|
| 26 | തൊഴിലുറപ്പ് പ്രവൃത്തികൾക്കായി വാങ്ങിയ ദ്രവ്യസ്തും വിനിയോഗി ക്കാനായില്ല. | 3-8 |
| 27 | പ്ലാൻ ഫണ്ട് റിഫണ്ട് -കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം | 3-9 |
| 28 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയായില്ല | 3-10 |
| 29 | പി.എച്ച് സി.യ്ക്ക് മരുന്നുകൾ ലഭ്യമായില്ല | 3-11 |
| 30 | ഹരിത കേരളം -ഗ്രോബാഗിന് അധിക സബ്സീഡി നൽകി | 3-12 |
| 31 | പരിരക്ഷ - ഹോംകെയർ പരിപാടികൾ-മോണിട്ടറിങ് കാര്യക്ഷമമല്ല | 3-13 |
| 32 | SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-14 |
| 33 | ആട് വളർത്തൽ (വനിത- ജനറൽ,എസ്.സി )സ്രക്കാർ നിർദ്ദേശം പാലിക്കണം | 3-15 |
| 34 | ബ്രോയിലർ യൂണിറ്റിന് ധനസഹായം -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-16 |
| 35 | വാഴകൃഷി വികസനം -അപാകതകൾ | 3-17 |
| 36 | തെങ്ങ് കൃഷി വികസനം -അപാകതകൾ | 3-18 |
| | ഭാഗം-4 | |
| 40 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയനം./തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|

| | |
|---|---|
| 28.3.2017 (തീരുമാനം നം-1) | 16.6.2017 |

## 1-2 വാർഷിക ധനകാര്യപത്രിക.

1.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 20.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വാർഷിക കണക്കുകൾ പരിശോധന നടത്തിയ തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് നമ്പറും തിയതിയും |
|---|---|
| 22.06.18, 23.06.18 | കെ.എസ്.എ.എം.പി.എം.11/1554/2018 തിയതി 29.08.2018 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10619408.68 |
| വരവ് | 58881426 |
| ആകെ | 69500834.68 |
| ചെലവ് | 58535299 |
| നീക്കിബാക്കി | 10965535.68 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12819335 | 12819335 | 11931266 | 888069 | 93% |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 7475218 | 7475218 | 6174835 | 1300383 | 83% |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 5998 | 5998 | 0 | 5998 | 0% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5350500 | 5350500 | 4898638 | 451862 | 91% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3338475 | 3338475 | 2350189 | 988286 | 70% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻെറ് | 0 | 6864180 | 6864180 | 5996832 | 867348 | 87% |
| കെ.എൽ.എസ്.ജി.ഡിപി | 0 | 2999514 | 2999514 | 2906559 | 92955 | 97% |
| S.B.T (തനത് ഫണ്ട്) | 478877 | 477371 | 956248 | 929551 | 26697 | 97% |
| PSCB(3294) (തനത് ഫണ്ട്) | 4286188 | 15262161 | 19548349 | 11435712 | 8112637 | 58% |
| ട്രഷറി ടി.എസ്.ബി (തനത് )അക്കൗണ്ട് | 3802773 | 8713000 | 12515773 | 12188463 | 327310 | 97% |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി (സ്പെഷ്യൽ ഫണ്ട് ) | 7717 | 0 | 7717 | 0 | 7717 | 0 |
| ഇന്ത്യൻ ബാങ്ക് (NREGA) ഭരണചെലവ് | 5500 | 706635 | 712135 | 317580 | 394555 | 44% |
| ഇന്ത്യൻ ബാങ്ക് (NREGA) -തൊഴിലാളികളുടെ കൂലി | 0 | 7346947 | 7346947 | 7346947 | - | 100% |
| കനാറ ബാങ്ക് (സാക്ഷരത) | 6335 | 0 | 6335 | 0 | 6335 | 0 |
| SMG ബാങ്ക് (TSC) | 1746783 | 976460 | 2723243 | 985749 | 1737494 | 36% |
| PSCB(SSA) | 230397 | 11664 | 242061 | 0 | 242061 | 0 |
| UCB – Western Ghat | 125 | 6 | 131 | 0 | 131 | 0 |
| ട്രഷറി (TSB) ജോയിന്റ് വെഞ്ചർ- ബ്ലോക്ക് പഞ്ചായത്ത് | 0 | 285800 | 285800 | 284638 | 1162 | 99.6% |
| ട്രഷറി (TSB) ജോയിന്റ് വെഞ്ചർ- ജില്ലാ പഞ്ചായത്ത് | 0 | 72250 | 72250 | 72250 | 0 | |
| ബി ഫണ്ട് | 0 | 38203400 | 38203400 | 38203400 | 0 | 100% |

## 1-6 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 261 | 166 | 0 | 95 | 63.60% |

## 1-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 5500 | 706635 | 712135 | 317580 | 394555 |
| EFMS വഴി നൽകിയത് | 0 | 7346947 | 7346947 | 7346947 | 0 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3140300 | 284 |
| 2 | തൊഴിൽ രഹിത വേതനം | 10200 | 19 |
| 3 | വിധവാ പെൻഷൻ | 12505500 | 1084 |
| 4 | വികലാംഗ പെൻഷൻ | 3831100 | 319 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 445600 | 39 |
| 6 | വാർദ്ധക്യകാല പെൻഷൻ | 18137700 | 1477 |
| 7 | സാധുക്കളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.9.2018ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.18835/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യാന്തര നിയന്ത്രണം

(1)ആസ്തിസംരക്ഷണം – പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ളതും ആസ്തി വികസന പ്രൊജക്ടുകൾ വഴി ആർജ്ജിച്ചിട്ടുള്ളതുമായ തനത് ആസ്തികൾ സംരക്ഷിക്കുന്നതിനും ആയത് പൊതുജനോപകാരപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്തിനും ഭരണ സമിതിക്കും ഉത്തരവാദിത്വമുണ്ട്.എന്നാൽ പ്രധാന തനത് വരുമാനമാർഗമാവേണ്ടിയിരുന്ന പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് ,സാംസ്കാരിക നിലയം എന്നിവയുടെ സംരക്ഷണം കാര്യക്ഷമമല്ല. പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലാണ് .സാങ്കേതിക വിദഗ്ദ്ധൻെറ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് കെട്ടിടം പ്രവർത്തിപ്പിക്കുന്നത് .ലൈസൻസികൾ ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും ബിനാമിയായും കടമുറികൾ പ്രവർത്തിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു .കാലഹരണപ്പെട്ട വാടക നിരക്കാണ് പിൻതുടരുന്നത് .ഒരു ഏക്കറോളം സ്ഥലം ഉണ്ടെന്നിരിക്കേ ആയതിൽ പുതുതായി കെട്ടിടം പണിയുന്നതിനോ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.സാംസ്കാരിക നിലയത്തിൽ അനധികൃതമായി കൈയ്യേറിയവരെ മാറ്റി നിയമപ്രകാരം പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ സേവനങ്ങൾ നൽകുന്നതിന്ന് കെട്ടിടം സജ്ജമാക്കേണ്ടതാണ്.

*(2)*രജിസ്റ്ററുകളുടെസൂക്ഷിപ്പ്-ദൈനം ദിനം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട ക്യഷ് ബുക്ക് പ്രിന്റ് അപ്രകാരം ചെയ്യുന്നില്ല. വിശദവിവരം ലഭ്യമാക്കത്തക്ക രീതിയിൽ വാടക രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.പഞ്ചായത്ത് ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

*(3)*മേൽ നോട്ടം-ഓഫീസ് ഉത്തരവ് പ്രകാരം എൽപ്പിച്ച ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുവെന്നും പൊതുജന സേവനം കാര്യക്ഷമമാണെന്ന് ഓഫീസ് മേധാവിയും ,മോണിട്ടറിങ് കാര്യക്ഷമമാക്കി ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്

*(4)*ഫ്രണ്ട് ഓഫീസ് സംവിധാനം-പൊതുജനങ്ങൾക്കുള്ള സേവനം സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് സ്ഥിരം സമിതികളും ഓഫീസ് മേധാവിയും ഉറപ്പ് വരുത്തേണ്ടതാണ്

*(5)*പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമമാണ്

*(6)*ഓഫീസ് യോഗങ്ങൾ-കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ട്

*(7)*ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -ആയത് നിരീക്ഷിക്കുന്നതിന്ന് പേഴ്സണൽ രജിസ്റ്റർ കാര്യക്ഷമമാക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.6.2018 | ജൂൺ/2018 | 29.6.2018 | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 19.10.2005 മുതൽ 28.10.2005 വരെ | 2004-05 മുതൽ 2008-09വരെ | 3.12.2009 | |

## 1-12 വാർഷിക കണക്ക് പരിശോധനയിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.SBI കറന്റ് അക്കൌണ്ട് (തനത് ഫണ്ട്) മുൻ വാർഷിക കണക്ക് പ്രകാരം നീക്കീയിരിപ്പ് 477542 രൂപയാണ്.എന്നാൽ തൽവർഷ കണക്കിൽ മുൻബാക്കിയായി രേഖപ്പെടുത്തിയത് 478877 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. കൂടാതെ തനത്ഫണ്ട് തുക കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

2. പ്ലാൻ വിഹിതം ജനറൽ,എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നിയിലെ വരവ് ചെലവ് തുക വാർഷിക കണക്ക് ,ചെലവ് പത്രിക എന്നിവ പ്രകാരമുള്ള തുകയല്ല എ.സി.ആർ പ്രകാരമുള്ള തുക.മാറാത്ത ബില്ലുകളുടെ തുക ചെലവായി ബുക്ക് ചെയ്തിട്ടുണ്ട്.

3. ബാലൻസ് ഷീറ്റിൽ 432653 രൂപ Capital Work in Progress ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വിശദാംശങ്ങൾ ലഭ്യമല്ല.

4. മുൻവാർഷിക കണക്ക് പ്രകാരം 2642128 രൂപ വസ്തു നികുതി അരിയർ ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ളതായി ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ലഭ്യമാക്കിയ BCB പത്രിക പ്രകാരം 3139469 രൂപയാണ് അരിയർ ഡിമാന്റായി

രേഖപ്പെടുത്തിയിട്ടുള്ളത്.
5. അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളുടെ കൂടെ സമർപ്പിച്ചിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാണിജ്യ കെട്ടിടങ്ങളിലെ ഒരേ ഉപയോഗക്രമങ്ങളുള്ള മുറികൾക്ക് വെവ്വേറെ വസ്തുനികുതി നിശ്ചയിച്ചു - 24,769 രൂപനഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത് :

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 45 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ/ച.മീ |

എന്നാൽ 2017-18 വർഷം നിർമ്മാണം പൂർത്തികരിച്ച, താഴെ പറയുന്ന100m2 മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം, ഓരോ റൂമുകൾ വെവ്വേറെ അസസ് ചെയ്ത് 100m2 ന് താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിൻെറ നിരക്കാണ് (45 രൂപ/ച.മീ) ഈടാക്കിയിട്ടുള്ളത്. വസ്തു നികുതി ഇപ്രകാരം നിർണ്ണയിച്ചത് മൂലം വസ്തു നികുതിയിനത്തിൽ 24769/-രൂപ നഷ്ടം നഷ്ടമുണ്ടായതായി കാണുന്നു. വിശദ വിവരം ചുവടെ

1. നൗഷാദ്, കുരിയാട്ടുവട്ടംപറമ്പിൽ ,കെട്ടിട നമ്പർ - 1/623 A-V

| ഈടാക്കേണ്ട വസ്തുനികുതി | |
|---|---|
| groundfloor – 242.75 M2 | firstfloor – 259.09 M2 |
| 242.75 X60 = 14,565<br>വർദ്ധനവ് (20%) = 2,913<br>വസ്തുനികുതി = 17,478<br>ലൈബ്രറിസെസ് = 874 | 259.09 X60 = 15,545<br>(-) ഇളവ് (5%) = 777<br>(+) വർദ്ധനവ്(20%) = 3,109<br>വസ്തുനികുതി = 17,877<br>ലൈബ്രറിസെസ് = 894 |

| ഈടാക്കിയ വസ്തുനികുതി | |
|---|---|
| groundfloor–(11 മുറികൾ -22.07M2വീതം) | firstfloor – (11 മുറികൾ - 23.54 M2 വീതം) |
| 22.07 X 45 X 11 = 10,924.65<br>(+) വർദ്ധനവ് (20%) = 2,184.93<br>വസ്തുനികുതി = 13,110<br>ലൈബ്രറിസെസ് = 656 | 23.54 X 45 X 11 = 11,652.3<br>(-) ഇളവ് (6%) = 699.6<br>(+) വർദ്ധനവ്(20%) = 2,330.46<br>വസ്തുനികുതി = 13,299<br>ലൈബ്രറിസെസ് = 671 |

| | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വസ്തുനികുതി | 17,478 + 17,877= 35,355 | 13,110 + 13,299=26,409 | 8,946 |
| ലൈബ്രറിസെസ് | 874+ 894 = 1768 | 656+671 = 1,327 | 441 |
| ആകെ | | | 9,387 |

2. ശ്രീമതി ഫാത്തിമക്കുട്ടി, പള്ളിപ്പറ്റ വീട് ,കെട്ടിട നമ്പർ - 10/433 D-W

| ഈടാക്കേണ്ട വസ്തുനികുതി |
|---|

| Groundfloor – 209.62 M2 | Firstfloor – 280.66 M2 |
|---|---|
| 209.62 X60 = 12,577.2<br>(-) ഇളവ് (10%) = 1257.72<br>(+) വർദ്ധനവ് (20%) = 2515.44<br>വസ്തുനികുതി = 13,835<br>ലൈബ്രറിസെസ് = 692 | 280.66 X60 = 16,839.6<br>(-) ഇളവ് (15%) = 2525.94<br>(+) വർദ്ധനവ്(20%) = 3,367.92<br>വസ്തുനികുതി = 17,682<br>ലൈബ്രറിസെസ് = 884 |

| ഈടാക്കിയ വസ്തുനികുതി | |
|---|---|
| groundfloor–(9 മുറികൾ -19.056 M2വീതം) | firstfloor – (9 മുറികൾ – 25.514 M2 വീതം) |
| 19.056 X 45 X 9 = 7,717.68<br>(-) ഇളവ് (10%) = 771.768<br>(+) വർദ്ധനവ് (20%) = 1543.536<br>വസ്തുനികുതി = 8490<br>ലൈബ്രറിസെസ് = 425 | 25.514 X 45 X 9 = 10,333.17<br>(-) ഇളവ് (15%) = 1549.98<br>(+) വർദ്ധനവ്(20%) = 2066.634<br>വസ്തുനികുതി = 10,850<br>ലൈബ്രറിസെസ് = 543 |

| | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വസ്തുനികുതി | 13,835+17,682= 31,517 | 8490+10850= 19,340 | 12,177 |
| ലൈബ്രറിസെസ് | 692+884= 1,576 | 425+543= 968 | 608 |
| ആകെ | | | 12,785 |

3. ശ്രീ. മുഹമ്മദ് ഹാജി,കള്ളിയേങ്ങൽ ഹൗസ് ,കെട്ടിട നം. 9 A മുതൽ G വരെ

| ഈടാക്കേണ്ട വസ്തുനികുതി<br>(Plinth area – 156.71 M2) | ഈടാക്കിയ വസ്തുനികുതി<br>(7 റൂമുകൾ – 22.387 M2 വീതം) |
|---|---|
| 156.71 X60 = 9402.6<br>(-) ഇളവ് (15%) = 1410.39<br>(+) വർദ്ധനവ് (20%) = 1880.52<br>വസ്തുനികുതി = 9873<br>ലൈബ്രറിസെസ് = 494 | 22.387X45 = 1007<br>(-) ഇളവ് (15%) = 155<br>(+) വർദ്ധനവ് (20%) = 201<br>വസ്തുനികുതി = 1054<br>ലൈബ്രറിസെസ് = 53 |

| | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വസ്തുനികുതി | 9873 | 1054X7 =7378 | 2,495 |
| ലൈബ്രറിസെസ് | 494 | 53X7= 371 | 123 |
| ആകെ | | | 2618 |

ഈയിനത്തിൽ കുറവായി ഈടാക്കിയ ആകെ തുക 24,790/- രൂപ (വസ്തു നികുതി-23618 + ലൈബ്രറി സെസ്സ് -1172) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

2017-18ൽ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ ശ്രീ.സലാഹുദ്ദീൻ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള ഗോഡൗണിന് വസ്തുനികുതി ഈടാക്കിയപ്പോൾ ഗ്രാമ പഞ്ചായത്ത് വിജ്ഞാപന പ്രകാരമുള്ള 60രൂപ/ച.മീറ്റർ എന്നതിന്ന് പകരം 45രൂപ/ച.മീറ്റർ കണക്കാക്കിയപ്പോൾ താഴെ കാണും പ്രകാരം വസ്തുനികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട് :

| | |
|---|---|
| കെട്ടിട നമ്പർ | 1-470 A, A1 |
| തറവിസ്തീർണ്ണം (145.125 X 2) | 290.25 ച.മീറ്റർ |

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 60/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (290.25 X60 ) | 17,415 രൂപ |
| (-) കുറവ് 10% | 1741.5 |
| (+) വർദ്ധനവ് - 20% | 3483 |
| ഈടാക്കേണ്ട വസ്തുനികുതി | 19,157 രൂപ |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് | 958 രൂപ |
| ഈടാക്കിയ വസ്തുനികുതി | 14368 രൂപ. |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 720 രൂപ. |
| വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 4,789 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 238 രൂപ. |
| ആകെ കുറവ് (4789 + 238 ) | 5,027 രൂപ |

വസ്തു നികുതിയിനത്തിൽ കുറവായി ഈടാക്കിയ 5,027/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത താഴെപ്പറയുന്ന താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കിയില്ല.

| ക്ര.നം. | ഉദ്യോഗസ്ഥരുടെ പേര് | തസ്തിക | കൈപ്പറ്റിയ തുക | | | | |
|---|---|---|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | ഈടാക്കേണ്ടതികുതി | രണ്ടാം അർദ്ധവർഷം | ഈടാക്കേണ്ടതികുതി |
| 1 | ശ്രീ. മുഹമ്മദ് ഷമീജ് | ഡ്രൈവർ | 1,05,070 | 1000 | 86,220 | 750 |
| 2 | ശ്രീ. ഹംസ | ക്ലർക്ക് | 1,06,270 | 1000 | 1,03,630 | 1000 |
| 3 | ശ്രീ.റിയാസ് | ടെക്നിക്കൽ അസിസ്റ്റൻറ് | 1,27,750 | 1000 | - | - |
| 4 | ശ്രീ. നിയാസ് | ടെക്നിക്കൽ അസിസ്റ്റൻറ് | - | - | 1,03,415 | 1000 |

മേൽ പ്രകാരം തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.തൊഴിൽ നികുതി ഡിമാന്റ് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ എടുക്കുന്ന ഏതൊരാളും തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ് .ഗ്രാമപഞ്ചായത്തിൻെറ പരിധിയിലുള്ള സ്ഥാപനങ്ങളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത മറ്റ് ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.ആയത് കണ്ടെത്തി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് സ്ഥിരസമിതികളുടെയും പഞ്ചായത്തിൻെറയും ഉത്തരവാദിത്വമാണ് .

## 2-4 ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പഞ്ചായത്ത് വക ഷോപ്പിങ് കോംപ്ലക്സിൽ 13 മുറികൾ, അതിന് പിന്നിലായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ 8 മുറികൾ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനായി നിർമ്മിച്ച 3 മുറികൾ എന്നിവ ഉൾപ്പടെ ആകെ 24 മുറികളാണ് പട്ടിക്കാട് , ചുങ്കം അങ്ങാടിയിലുള്ള ഗ്രാമ പഞ്ചായത്ത് വക ഏകദേശം 1 എക്കർ സ്ഥലത്ത് ആണ് ഷോപ്പിങ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത്. ബന്ധപ്പെട്ട ഫയൽ,ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ച ശേഷം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.1984 ൽ നിർമ്മിച്ച മുൻഭാഗത്തെ കെട്ടിടത്തിൻെറ മുകൾ ഭാഗം (ഒന്നാം നില) ഉപയോഗ യോഗ്യമല്ലാത്ത വിധം സീലിങ് ഇളകിയ നിലയിലാണ് .

2.കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച് സാങ്കേതിക വിദഗ്ധൻെറ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3.ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ നിലയിലുള്ള മുറികൾക്ക് നിലവിൽ 1500 രൂപയും, മുകൾ നിലയിലെ മുറികൾക്ക് 750 രൂപയുമാണ് ശരാശരി മാസവാടക ഈടാക്കി വരുന്നത്. ഇത് പ്രാദേശികമായി നാമമാത്രമാണ്. ഇതിനേക്കാൾ വാടക പ്രതീക്ഷിക്കാവുന്നിടത്ത്, വർഷങ്ങളായി യാതൊരു ലേല നടപടികളും സ്വീകരിക്കാതെ ഒരേ ആളുകൾക്ക് തന്നെ (ഇതിൽ മരിച്ച് പോയവരും ഉൾപ്പെടും )മുറികൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്നു.
4.ഷോപ്പിങ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിൻെറ ബൈലോ നിളിതുവരെയായി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
5.2017-18 ൽ പല ലൈസൻസികളും ലൈസൻസ് എടുത്തിട്ടില്ല.
6.പഞ്ചായത്ത് അനുമതിയില്ലാതെ അനധികൃതമായി ഷെഡുകൾ കെട്ടിയിട്ടുള്ളതായും കാണാൻ കഴിഞ്ഞു.
7.മേൽ അപാകതകൾ നിലനിൽക്കേ 31-03-2018ലെ ഭരണസമിതി തീരുമാന പ്രകാരം മുറികൾ വാടകക്കെടുത്ത ആളുകളുമായി നേരിൽ സംസാരിക്കുന്നതിനായി റജിസ്റ്റേഡ് തപാലിൽ സെക്രട്ടറി കത്ത് അയച്ചിരുന്നു. എന്നാൽ താഴെപ്പറയുന്ന വ്യക്തികൾ കത്ത് കൈപ്പറ്റിയിട്ടില്ല.

| റൂം നമ്പർ | റൂം വാടകക്കെടുത്ത വ്യക്തി | കത്ത് കൈപ്പറ്റാതിരുന്നതിൻെറ കാരണം |
|---|---|---|
| 6 | ശ്രീ. അബ്ദുൽ ബഷീർ .പി. | വിദേശത്താണ് |
| 8A | ശ്രീ. ഷുഹൈബ്. ടി. | വിദേശത്താണ് |
| 16, 17 | ശ്രീ. ഹംസക്കുട്ടി.ടി.കെ. | വിദേശത്താണ് |

പ്രസ്തുത മുറികൾ മറ്റു വ്യക്തികളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമായി

8. മരണപ്പെട്ട ശ്രീ. എ.കെ.മുഹമ്മദ് എന്ന വ്യക്തിയുടെ പേരിൽ അനുവദിച്ച 7-ാം നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന ടി.കെ. സാനിറ്ററീസ് & ഹാർഡ് വെയർസ് -ൻെറ സ്റ്റോർ റൂമുകളായാണ് താഴെപ്പറയുന്ന മുറികൾ ഉപയോഗിക്കുന്നത് :

| റൂം നമ്പർ | റൂം വാടകക്കെടുത്ത വ്യക്തി | റിമാർക്സ് |
|---|---|---|
| 3 | ശ്രീ. ടി.കെ. മുഹമ്മദാലി | - |
| 6 | ശ്രീ. അബ്ദുൽ ബഷീർ .പി. | വിദേശത്താണ് |
| 13 | ശ്രീ. ടി.കെ. ഗിരീഷ് | - |
| 16 | ശ്രീ. ഹംസക്കുട്ടി.ടി.കെ. | വിദേശത്താണ് |
| 17 | ശ്രീ. ഹംസക്കുട്ടി.ടി.കെ. | വിദേശത്താണ് |
| 18 | ശ്രീ. അബൂബക്കർ തെക്കൻ | - |

റൂമോ, അതിൻെറ ഭാഗമോ മറ്റൊരാൾക്ക് കൈമാറാൻ പാടില്ല എന്ന കരാർ നിബന്ധനയുടെ വ്യക്തമായ ലംഘനമാണിത്.

9. ഗ്രാമ പഞ്ചായത്ത് വാടകക്ക് നൽകിയ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് :

| റൂം നമ്പർ | സ്ഥാപനം |
|---|---|
| 2 | കിച്ചൺ സർവ്വീസ് സെൻറ്റർ |
| 4 | വി.കെ. കൺസ്ട്രക്ഷൻ |
| 5 | യുണൈറ്റഡ് ഡ്രൈവിംഗ് സ്കൂൾ |
| 7 | ടി.കെ. സാനിറ്ററീസ് & ഹാർഡ് വെയർസ് |
| 8A | db7 ജെൻറ്സ് & കിഡ്സ് |
| 19 | പറക്കാട് ഹാർഡ് വെയേഴ്സ് |

ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തു പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ് എന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232(1) ന് വിരുദ്ധമായ പ്രവൃത്തി ഗ്രാമ പഞ്ചായത്ത് അറിഞ്ഞ് കൊണ്ട് നടക്കുന്നു എന്നത് ഏറെ ഗൗരവമർഹിക്കുന്നതാണ്.മേൽ വിഷയത്തിൽ പഞ്ചായത്തിൻെറ അടിയന്തിര നടപടി ആവശ്യപ്പെടുന്നു.പഞ്ചായത്ത് ആസ്തികൾ നിയമാനുസൃതം സംരക്ഷിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

5. "പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുള്ള വാടകക്കരാർ പുതുക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു. പുനർ ലേലം നടത്തുന്നതിനും തുടർ നടപടികൾക്കും സെക്രട്ടറിയെ ചുമതലപ്പെടുത്തി" എന്ന് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 31-03-2018ലെ 5(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/17-18/24.9.18 )സമർപ്പിച്ച മറുപടിയിൽ മേൽ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 കെട്ടിടം പൊളിക്കൽ - പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ഭാഗമായി കെട്ടിടം പൊളിച്ചതിൻെറ പഴയ മരം ,ഓട് എന്നിവ പൊളിച്ച് മാറ്റിയത് ലേലം ചെയ്യുന്നതിനായി അസി.എൻജിനിയർ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട് .എന്നാൽ മരം,ഓട് എന്നിവ stack ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയതല്ലാതെ ആയത് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. മൂല്യനിർണ്ണയത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | പൊളിച്ചെടുത്ത സാധനങ്ങളുടെ വില | | ആകെ തുക |
|---|---|---|---|
| | മരം (രൂപ) | ഓട് (രൂപ) | |
| കാപ്പ്അംഗനവാടി കെട്ടിട നിർമ്മാണം (പ്രൊജക്റ്റ് നം 77/18 ) ബിൽ നം -34/13.10.2017 എംബുക്ക് നം-80/16-17 | 10191 | 4416 | 14607 |
| മേൽകുളങ്ങര GLPS നിർമ്മാണം (പ്രൊജക്റ്റ് നം 75/18 ) ബിൽ നം-35/13.10.17 എംബുക്ക് നം -82/16-17 | 30652 | 11781 | 42433 |

ആകെ 57040/-

മേൽ സാധനങ്ങൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/14.9.18) ലേലം ചെയ്ത് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല

സാമ്പത്തിക വർഷത്തിൽ 5 ലക്ഷത്തിനു മുകളിലുള്ള 2 മരാമത്ത് പ്രവർത്തികൾ ഇ -ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കി തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല.

| പ്രവർത്തി | കരാറുകാരൻ | ടെണ്ടർ ഫോറം വില |
|---|---|---|
| കാപ്പ്അംഗനവാടി കെട്ടിട നിർമ്മാണം (പ്രൊജക്റ്റ് നം 77/18 ) | സുനിൽകുമാർ | 1680 |
| | സൈതലവി .ഇ | 1680 |
| | സൈതലവി.പി.കെ | 1680 |
| മേൽകുളങ്ങര GLPS നിർമ്മാണം (പ്രൊജക്റ്റ് നം 75/18 ) | സുനിൽകുമാർ | 2625 |
| | ജലാലുദ്ധീൻ | 2625 |
| | സൈതലവി.പി.കെ | 2625 |

ആകെ 12915/-രൂപ

തുക വരവ് വെച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.20/22.9.18 ) തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാറുകാരന് ബിൽ തുകയോടൊപ്പം സർവ്വീസ് ടാക്സ് നൽകി

| | |
|---|---|
| പ്രൊജക്ട് -മേൽകുളങ്ങര GLP സ്കൂൾ നിർമ്മാണം പ്രൊജക്ട് നം-(75/18 | അടങ്കൽ -1000000/- |
| കരാറുകാരൻ ശ്രീ. സൈതലവി. പി.കെ | എഗ്രിമെൻറ് -34/AE/LSGD/VTR/16-17 /21.1.17 |
| അളവ് പുസ്തകം-74/16-17,82/16-17 | ബിൽ നം |

| | |
|---|---|
| | 35/13.10.2017 -തുക 803836<br>36/13.10.2017 - തുക 184397<br>ആകെ – 988233/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തികളിൽ സേവന നികുതി (Service tax) അടവാക്കുന്നതിനായി 6% തുക (60000/- രൂപ )എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു. പ്രവൃത്തി പൂർത്തിയാക്കി ബിൽ നൽകിയപ്പോൾ സർവ്വീസ് ടാക്സിന് വകയിരുത്തിയ 6% തുക കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടവാക്കിയ രേഖ ഫയലിൽലഭ്യമല്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന് നൽകിയത് | കരാറുകാരന് നൽകാവുന്നത് |
|---|---|
| പ്രവർത്തി മൂല്യം -932295<br>(+) സർവ്വീസ് ടാക്സ് –55938 (6%)<br>ആകെ -988233/-രൂപ<br>(-) വാറ്റ് 4% -37292 /-<br>(-) IT 1% -9323/-<br>(-) KCWF 1% -9323/-<br>ബാക്കി -932295/-രൂപ | 932295 (-)<br>55938 (സർവ്വീസ് ടാക്സ്)<br>876357/-രൂപ |
| അധികം നൽകിയത് -932295-876357 =55938 /-രൂപ | |

സേവന നികുതി അടവാക്കിയ വിവരം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം കരാറുകാരനിൽ നിന്ന് തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. (തുക ഈടാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/14.9.18) തുക കരാറുകാരനിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയതിന്മേൽ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കിയ വിവരം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്.

## 3-2 ആദായ നികുതി, നിർമ്മാണതൊഴിലാളിക്ഷേമനിധി എന്നിവ കുറവായി ഈടാക്കി.

അസി.എൻജിനിയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന ഏതാനും പ്രവർത്തികളിൽ മൂല്യനിർണ്ണയത്തുകക്ക് ആനുപാതികമായി ആദായ നികുതി,നിർമ്മാണതൊഴിലാളിക്ഷേമനിധി ഈടാക്കുന്നതിന് പകരം മൂല്യനിർണ്ണയതുകയിൽ നിന്ന് ടാർവില,5% നികുതി എന്നിവ കുറവ് ചെയതതിന് ശേഷമുള്ള തുകക്ക് ആനുപാതികമായാണ് നികുതികൾ ഈടാക്കികാണുന്നത്,വിശദവിവരം ചുവടെ .

| ക്രമ നം | പ്രവർത്തി | ബിൽ നം/ ചെക്ക് നം /തി തുക | കൺവീനർ | ആകെ മൂല്യനിർണ്ണയം | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | | ആദായ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | IT(2%) | KCWWF (1%) | IT(2%) | KCWWF (1%) | IT(2%) | KCWWF (1%) | |
| 1 | കഞ്ഞാൻപടി കരുവാത്ത് പാടം റോഡ് ടാറിംഗ് (പ്രൊജക്ട് നം.47/18) | 72/28.2.18 201450 | എം.സുരേഷ്കുമാർ | 317981 | 6359 | 3179 | 4029 | 2015 | 2330 | 1164 | |
| 2 | കരുവാൻകോളനി ചെറിയപള്ളിയാലിൽ റോഡ് ടാറിംഗ് (പ്രൊജക്ട് നം. 23/18 ) | 77/28.2.18 246608 | അബ്ദുൽമനാഫ് കെ.പി | 399904 | 7998 | 3999 | 4932 | 2466 | 3066 | 1533 | |
| 3 | ചുങ്കം ജാറത്തിങ്കൽ റോഡ് ടാറിംഗ് (പ്രൊജക്ട് നം. | 89/7.3.18 128470 79/28.2.18 | അബ്ദുൽമനാഫ് കെ.പി | 226602 | 4532 | 2266 | 2642 | 1321 | 1890 | 945 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 29/18 ) | 3607 | | | | | | | | |
| 4 | തേലക്കാട് തിരുത്തിയിൽ കോളനി റോഡ് ടാറിംഗ് (പ്രൊജക്റ്റ് നം.89/18 ) | 6251352/28.2.18 206743 | മുഹമ്മദ് അഷ്റഫ് താമരത്ത് | 350000 | 7000 | 3500 | 4135 | 2067 | 2865 | 1433 |
| 5 | കരുവാമ്പറ്റ കുരിക്കുന്ന് റോഡ് (പ്രൊജക്റ്റ് നം. 31/18 ) | 90/7.3.18 130665 5449463/28.2.18 172516 | രവീന്ദ്രൻ പള്ള്യാൽതൊടി | 297572 | 5951 | 2975 | 3450 | 1726 | 2501 | 1249 |
| 6 | കുരിക്കുന്ന് പാലം റോഡ് | 91/7.3.18 116347 | വേലായുധൻ.കെ | 199313 | 3986 | 1993 | 2327 | 1163 | 1659 | 830 |
| 7 | കുന്തംകല്ല് കല്ലുപാലം റോഡ് (പ്രൊജക്റ്റ് നം.48/18 ) | 94/7.3.18 153565 | ഹൈദരാലി | 271452 | 5429 | 2714 | 3071 | 1536 | 2358 | 1178 |
| 8 | മണ്ണാർമല പള്ളിപ്പടി പുതുപ്പറമ്പ് റോഡ് (പ്രൊജക്റ്റ് നം. 39/18 ) | 97/7.3.18 34680 98/7.3.18 61389 99/7.3.18 81297 | സുധാകരൻ.കെ | 297501 | 5950 | 2975 | 3547 | 1774 | 2403 | 1201 |
| 9 | അലവിഹാജിപ്പടി കുടിവെള്ള പദ്ധതി റോഡ് ടാറിംഗ് (പ്രൊജക്റ്റ് നം. 34/18 ) | 101/7.3.18 161532 102/7.3.18 41225 | മുഹമ്മദ് മുസ്തഫ | 298361 | 5967 | 2983 | 4055 | 2022 | 1912 | 961 |
| 10 | കാര്യവട്ടം ഒറ്റക്കല്ലുതൊടി റോഡ് ടാറിംഗ്(പ്രൊജക്റ്റ് നം. 50/18 ) | 117/22.3.18 236439 | അബ്ദുള്ള മച്ചിങ്ങൾ | 387070 | 7741 | 3870 | 4729 | 2364 | 3012 | 1506 |
| 11 | പറയരുകുന്ന് കീഴക്കല്ലും റോഡ് (പ്രൊജക്റ്റ് നം.51/18 ) | 103/7.3.18 183215 | അബ്ദുൽസലാം | 299158 | 5983 | 2951 | 3664 | 1832 | 2319 | 1119 |
| 12 | പാലൂർപ്പടി ലക്ഷംവീട് കോളനി റോഡ്(പ്രൊജക്റ്റ് നം. 74/18 ) | 106/7.3.18 270196 | രതീഷ്.എം | 406038 | 8120 | 4060 | 5404 | 2702 | 2716 | 1358 |
| ആകെ | | | | | 75016 | 37465 | 45985 | 22988 | 29031 | 14477 |

നികുതി,നിർമ്മാണതൊഴിലാളിക്ഷേമനിധി, എന്നിവ കുറവായി ഈടാക്കിയത് അതാത് വകുപ്പുകളിൽ അടവാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പ്രവൃത്തി -ഭൌതിക ലക്ഷ്യം കൈവരിക്കുന്നതിൽ പുരോഗതിയില്ല.

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം 579 പ്രവൃത്തികളാണ് തൊഴിലുറപ്പ് മഖേന നിർവഹിക്കാൻ ലക്ഷ്യമിട്ടത് എന്ന് ആക്ഷൻ പ്ലാൻ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു.ഇതിൽ മെറ്റീരിയൽ വർക്കുകളും ഉൾപ്പെടുന്നു. ഉയർന്ന ലക്ഷ്യം നേടുന്നതിന് പരിശ്രമിച്ചു എങ്കിലും വളരെ കറഞ്ഞ അളവിൽ മാത്രമാണ് ഭൗതിക ലക്ഷ്യം കൈവരിക്കാനായത് എന്ന് വ്യക്തമാവുന്നു.ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യം വെച്ചതിൽ 187 പ്രൊജക്കുകൾക്കാണ് സാങ്കേതികാനുമതി ലഭ്യമായത് കേവലം 48 പ്രൊജക്കുകൾ മാത്രമാണ് പൂർത്തിയാക്കാനായത്. ഒരു അസിസ്റ്റന്റ് എഞ്ചീനീയറും , ഒരു ഓവർസിയറും , ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററും സ്ഥിരമായി ഉണ്ടായിട്ടും പരിമിതമായ തോതിൽ മാത്രമാണ് ലക്ഷ്യം കൈവരിക്കാനായത് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. പൂർണ്ണതോതിലുള്ള പ്രൊജക്ട് നിർവ്വഹണം സാദ്ധ്യമാവുന്ന തരത്തിൽ പ്രവർത്തന കലണ്ടർ ക്രമീകരിച്ച് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

## 3-4 പൊതുമരാമത്ത് പ്രവൃത്തികൾ- അവലോകനം

2017-18 ൽ ആകെ 200 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമായത്. ആയതിൽ 122 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളിൽ 61 എണ്ണവും സ്പിൽ ഓവർ പദ്ധതികളാണ്.പശ്ചാത്തലമേഖലയിൽ 46896902/- രൂപ വകയിരുത്തിയതിൽ 26309725/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(56%).പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 4 യോഗമാണ് തൻവർഷംകൂടിയിട്ടുള്ളത് വർക്കിംഗ് ഗ്രൂപ്പകൾ നിർദ്ദേശിക്കുന്ന പദ്ധതികളിൽ അംഗീകാരം ലഭ്യമായവ സമയബന്ധിതമായി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യുടെ ഭാഗത്ത് നിന്നും വേണ്ടത്ര ശ്രദ്ധ ഉണ്ടായതായി കാണുന്നില്ല. കൂടുതൽ പ്രൊജക്കുകൾ ഉൾപ്പെടുത്തുന്നതും ആനുപാതികമായി അടിസ്ഥാന സൗകര്യം സൃഷ്ടിക്കപ്പെടാത്തതും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമാകുന്നു. അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സ്ഥിരം സമിതികളും നിർവ്വഹണോദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

റോഡ് കണക്ടിവിറ്റി പ്ളാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ളാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്.എന്നാൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി പ്ളാനും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല.ആയത് തയ്യാറാക്കേണ്ടതും ഈ കണക്ടിവിറ്റി പ്ളാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും ഉൾകൊള്ളിക്കേണ്ടതുമാണ്

കൺവീനർമാർ മുഖേനെ ചെയ്ത മരാമത്ത് പ്രവൃത്തി അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ ഗുണ. സമിതി മുഖേനെ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണ .സമിതി മുഖേനെ നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവൃത്തിക്കും സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല..കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.വരവ് ചെലവു കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

രജിസ്റ്റർ സൂക്ഷിപ്പ് അപാകതകൾ

അസി.എഞ്ചിനീയർ താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1.എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

2.ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ

3.റോഡ് രജിസ്റ്റർ

4.EMD രജിസ്റ്റർ

5.പെർഫോമൻസ് ഗ്യാരൻടി രജിസ്റ്റർ

6.ആസ്തി രജിസ്റ്റർ

അപാകതകൾ പരിഹരിക്കാൻ ന ടപടി സ്വീകരിക്കേണ്ടതാണ്

## 3-5 പ്രോജക്ട് നിർവ്വഹണം - കാര്യക്ഷമമല്ല

സാമ്പത്തിക വർഷത്തിൽ വിവധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് അവലോകനം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| അസി.എൻജിനിയർ | 46896902 | 26309725 | 56% |
| സെക്രട്ടറി | 2758968 | 1288787 | 46% |
| അസി.സെക്രട്ടറി | 3181854 | 2391800 | 75% |
| കൃഷി ഓഫീസർ | 2956248 | 1723020 | 58% |
| വെറ്റിനറി സ്രുജ്ജൻ | 5242600 | 4064030 | 77% |
| വി.ഇ.ഒ | 6873400 | 3181300 | 46% |
| ഐ.സി.ഡി.എസ് | 5550050 | 5110908 | 92% |
| മെഡിക്കൽ ഓഫീസർ | 894800 | 876566 | 97% |
| ഹെഡ്മാസ്റ്റർ | 1050000 | 1049704 | 99% |
| ആകെ | 75404822 | 45995840 | 61% |

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്റ്റുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. നടപടിക്രമങ്ങൾ പൂർത്തിയാക്കി , ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു.ഇത് പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. പ്രോജക്റ്റുകൾ നിർവഹിക്കപ്പെടാതിരുന്നത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ഭരണസമിതി വിശദീകരണം ലഭ്യമാക്കിയതായോ ,ചെലവ് ശതമാന കുറവ് സംബന്ധിച്ച് ചർച്ച ചെയ്തതായോ മിനിറ്റ്സിൽ രേഖപ്പെടുത്തൽ ഇല്ല.വ്യാപകമായ തോതിൽ പ്രോജക്റ്റുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെയും സ്ഥിരം സമിതികളുടെയും ശ്രദ്ധയിൽ പെടുത്തുന്നു.മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

(I) ഓഡിറ്റ് വർഷം സെക്രട്ടറി 13 പ്രോജക്റ്റുകളാണ് ഏറ്റെടുത്തിട്ടുള്ളത്.ഈ പ്രോജക്റ്റുകളുടെ ആകെ അടങ്കൽ 2758968/- രൂപയാണ്.ചെലവഴിക്കുന്നത് 1288787/- രൂപയാണ് .അതായത് 46.7 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്റ്റുകളിൽ അഞ്ച് എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു.സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്റ്റുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും.അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി , ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു.ഇത് പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 14.7 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്റ്റുകൾ നിർവഹിക്കാൻ സെക്രട്ടറിക്കായില്ല എന്ന് കാണുന്നു. പ്രോജക്റ്റുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

(II)അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന 309/18 പാലക്കുണ്ട്പറമ്പ് കോളനി കുഴൽ കിണർ നിർമാണം.എസ്.സി.പി ഫണ്ട് അൻപതിനായിരം രൂപ വകയിരുത്തിയ പ്രോജക്റ്റിൽ 1750 രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. ബിൽ നമ്പർ 08/27.03.2018 പ്രകാരം പിൻവലിച്ച തുക ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ജലലഭ്യത പരിശോധിക്കുന്നതിനായി അടവാക്കുന്നതിനാണ് എന്ന് വ്യക്തമാവുന്നു. പ്രോജക്റ്റുമായി ബന്ധപ്പെട്ട താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കി എന്ന് വ്യക്തമാകുന്ന ചെലാൻ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

2. കുഴൽ കിണർ നിർമിക്കാൻ ഉദ്യേശിക്കുന്ന സ്ഥലം , ആയതിന്റെ ഉടമസ്ഥത എന്നിവ വ്യക്തമായി നിർണയിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു.

3. പ്രവൃത്തി സ്പിൽ ഓവറായി പൂർത്തിയായിട്ടുണ്ടോ എന്നും ഫീസിബിലിറ്റി ടെസ്റ്റ് നടത്തിയശേഷം ഗവേഷണ ഫലം ലഭ്യമായിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്.പ്രോജക്റ്റിന്റെ നിലവിലെ പ്രവർത്തന പുരോഗതി ലഭ്യമാക്കേണ്ടതാണ്

(III) വി.ഇ.ഒ പതിനൊന്ന് പ്രോജക്റ്റുകളാണ് ഏറ്റെടുത്തിട്ടുള്ളത് .ഈ പ്രോജക്റ്റുകളുടെ ആകെ അടങ്കൽ 68.73 ലക്ഷം രൂപയാണ്.ഏഴ് പ്രോജക്റ്റുകൾക്കായി ചെലവഴിക്കുന്നത് 31.81 ലക്ഷം രൂപയാണ് .അതായത് 46.28 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്റ്റുകളിൽ നാല് എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്റ്റുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും.അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി , ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു.ഇത് പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 36.92 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്റ്റുകൾ നിർവഹിക്കാൻ വി.ഇ.ഒക്കായില്ല എന്ന് കാണുന്നു. പ്രോജക്റ്റുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിച്ചിട്ടില്ല.

2.ഭവന പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിന് മൂന്ന് പ്രോജക്റ്റുകൾ ഉണ്ട്. 19.6 ലക്ഷം രൂപ ഈ ആവശ്യത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടെ പഴക്കം കൃത്യമായി വിലയിരുത്താതെയാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നത് എന്നും മുൻപ് ഗ്രാമ പഞ്ചായത്തിൽ നിന്ന് ഈ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം

നൽകിയിട്ടുണ്ടോ എന്ന വിവരം പരിശോധിക്കുന്നില്ല എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

3.ഗുണഭോക്താക്കളിൽ പലരും യഥാസമയം കരാർ വെക്കുകയോ, ആവശ്യമായ രേഖകൾ നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയോ ചെയ്യാത്തതാണ് പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ഭാഗികമായി ചെലവഴിക്കുകയോ, തീരെ ചെലവ് ചെയ്യാതിരിക്കുകയോ ചെയ്യുന്നതിന് കാരണമാവുന്നത്. ഇത് വിവിധ ആനുകൂല്യങ്ങൾക്കായി തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അർഹത നിർണയിച്ചതിൽ പിഴവ് വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു.

4.ലൈഫ് ഭവന പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കുകയും നാല് ഗുണഭോക്താക്കൾക്ക് മുൻ വർഷങ്ങളിൽ പൂർത്തിയാക്കാതെ അവശേഷിച്ച നിർമാണ പ്രവൃത്തി പൂർത്തിയാക്കാതെ പ്ലാൻ വിഹിതം 238400 രൂപയും ഭവന പ്രോജക്ടുകൾക്കായുള്ള പ്രത്യേക അക്കൌണ്ടിൽ നിന്ന് 257680 രൂപയും തൽവർഷം ചെലവ് ചെയ്യുന്നുണ്ട്. എന്നാൽ തനത് ഫണ്ട് ചെലവ് പ്രോജക്ടിലോ, ചെലവ് സ്റ്റേറ്റ്മെന്റിലോ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.സ്ഥിരം സമിതികളുടെ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ് .

## 3-6 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ -സ്റ്റാന്റിംഗ് കമ്മറ്റി ഇടപെടൽ കാര്യക്ഷമമല്ല

പഞ്ചായത്തിൽ പതിനാറ് വാർഡുകളാണ് ഉള്ളത്. ഈ വാർഡുകളിലായി ആകെ 28 അംഗൻവാടികൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. പഞ്ചായത്തിന്റെ ആസ്തിയിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ പതിനാല് എണ്ണം മാത്രമാണ് എന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്ന് വ്യകതമാവുന്നു. അവശേഷിച്ച പന്ത്രണ്ട് അംഗൻവാടികൾ താത്കാലിക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ഇവ മിക്കതും വാടക കെട്ടിടങ്ങളാണ് എന്ന് വ്യക്തമാവുന്നു. കേവലം രണ്ട് അംഗൻവാടികൾ മാത്രമാണ് വാടകയില്ലാതെ താത്കാലികമായി പൊതു / സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്നത്. (101)ഓട്ടക്കല്ല് തൊടി, (99) കിഴക്കേ പള്ളിക്കുത്ത്, (94) ഹൈസ്കൂൾപടി എന്നീ അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം നിലവിലുണ്ട്. എന്നാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്തിനായിട്ടില്ല എന്ന് കാണുന്നു. 2018-19 വാർഷിക പദ്ധതിയിലും ഈ അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് തുക വകയിരുത്തുകയോ പ്രോജക്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. അതേസമയം നിലവിലുള്ള അഞ്ച് അംഗൻവാടികൾ പുനരുദ്ധരിക്കുന്നതിന് കരട് പദ്ധതിരേഖയിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

അംഗനവാടികളിൽ മികച്ച നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പൊതു ജന പങ്കാളിത്തത്തോടെ ഉറപ്പ് വരുത്തേണ്ടതും പരിസര ശുചിത്വവും, മാനസിക ഉല്ലാസവും ,ശാരിരിക വളർച്ചയും ഉറപ്പ് വരുത്തുന്ന വിധത്തിൽ അംഗവാടി പരിസരം നിലനിർത്തുന്നതിലും ഇനിയും ഭരണസമിതി ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. താത്കാലിക കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിച്ച് വരുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും വികസന സ്ഥിരം സമിതിയുടെയും, ഭരണസമിതിയുടെയും ഇടപെടൽ അനിവാര്യമാണ്.

## 3-7 പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം-അവലോകനം

പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനുള്ളതാണ് 262/18 നമ്പർ പ്രോജക്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ടിന്റെ അടങ്കൽ തുക 575250/- രൂപയാണ്. പ്രോജക്ട് നിർവഹണത്തിനായി ബിൽ നമ്പർ 06/24.03.2018 പ്രകാരം 560000/- രൂപയും ബിൽ നമ്പർ 07/24.03.2018 പ്രകാരം 9050/- രൂപയും ഉൾപെടെ 569050/-രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി പത്തൊൻപത് ഗുണഭോക്താക്കൾക്ക് 29950/- രൂപ വിലയുള്ള ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. പിൻവലിച്ച തുക കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.ഗുണഭോക്താവായ അനു പാറക്കൽ, കാര്യവട്ടം, മണ്ണാർമല എന്ന വിദ്യാർഥി ഏത് കോളേജിൽ പഠിക്കുന്നു എന്ന് വ്യക്തമാക്കുന്ന കോളേജ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ രേഖയും യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്തിയ രേഖയും ഉള്ളടക്കം ചെയ്തിട്ടില്ല .

2.വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപപ്പെടുന്നത്.എന്നാൽ പ്രോജക്ട് നിർവഹണ ശേഷം വികസന സ്ഥിരം സമിതി പ്രോജക്ടിന്റെ മോണിറ്ററിങ്ങ് നിർവഹിച്ചതായി കാണുന്നില്ല.

3.GO(P) 80/2017/Lsgd/03.04.2017 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിൽ പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമെ ആനുകൂല്യം നൽകാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല എന്ന് കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച പാരലൽ കോളേജിൽ പഠിക്കുന്ന മറ്റ് വിദ്യാർഥികൾ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

| ഗുണഭോക്താവ് | കോഴ്സ് -പഠിക്കുന്ന സ്ഥാപനം |
|---|---|
| വൈശാഖ്. പി | B.com-കോ ഓപ്പറേറ്റീവ് കോളേജ്-പെരിന്തൽമണ്ണ |
| സൂചിത്ര.യു | DMLT-അമല അക്കാഡമി ഓഫ് പാരമെഡിക്കൽ സയൻസ് |
| പ്രീത. എൻ | DMLT-അമല BSS കമ്മ്യൂണിറ്റി കോളേജ്. |
| ശ്രുതി.കെ | B.com-കോ ഓപ്പറേറ്റീവ് കോളേജ്-പെരിന്തൽമണ്ണ |

| | |
|---|---|
| ഉശാര.കെ | B.com-കോ ഓപ്പറേറ്റീവ് കോളേജ്-പെരിന്തൽമണ്ണ |
| ജിബിഷ.വി | B.Phm- മൌലാന കോളേജ് ഓഫ് ഫാർമസി |
| വിജിഷ.പി | B.com- MESവിമൻസ് കോളേജ്-പെരിന്തൽമണ്ണ |

ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.അപാകതയുള്ള അപേക്ഷകരുടെ വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 7 പേരുടെ ചെലവ് തുക തുക 209650/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 തൊഴിലുറപ്പ് പ്രവൃത്തികൾക്കായി വാങ്ങിയ ഭൂവസ്ത്രം വിനിയോഗിക്കാനായില്ല.

പഞ്ചായത്ത് തൊഴിലുറപ്പ് പ്രവൃത്തികളുടെ ഭാഗമായി തോടുകൾക്കും അരിച്ചാലുകൾക്കും ഭൂവസ്ത്രം ഇടുന്നതിന് ലക്ഷ്യമിട്ട് വർക്കുകൾ റിവൈസ്ഡ് ആക്ഷൻ പ്ലാനിൽ ഉൾപെടുത്തിയിട്ടുണ്ട്. വർക്കുകളുടെ ഭാഗമായി ഭൂവസ്ത്രം ഇടുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫോം മാറ്റിങ്ങ് ഇൻഡ്യാ ലിമിറ്റഡ് , ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് 439/23.03.2018 പ്രകാരം നാലായിരം മീറ്റർ ഭൂവസ്ത്രം ലഭ്യമായിട്ടുണ്ട്. ഇതിന് ഇൻവോയ്സ് പ്രകാരം 2.73 ലക്ഷം രൂപയാണ് വില. ഈ മെറ്റീരിയലുകൾ ഇപ്പോഴും പഞ്ചായത്ത് കോമ്പൌണ്ടിൽ കെട്ടികിടക്കുന്നതായി കാണുന്നു. യഥാസമയം ഈ മാറ്റുകൾ പ്രയോജനപ്പെടുത്താൻ സാധിക്കാതിരുന്നത് വീഴ്ച്ചയാണ്. ഇപ്രകാരം കൂട്ടിയിട്ടിരിക്കുന്ന മാറ്റുകളുടെ അടിഭാഗം വെള്ളം നിന്ന് ദ്രവിച്ച് പോവാനും ചിതൽ കയറി നശിക്കാനും സാധ്യത കൂടുതലാണ്. വാങ്ങി ആറ് മാസം കഴിഞ്ഞിട്ടും പ്രയോജപെടുത്താനാവത്തത് ശ്രദ്ധയിൽ പെടുത്തുന്നു. ഇപ്രകാരം പഞ്ചായത്ത് പരിസരത്ത് കൂട്ടിയിട്ട ഭൂവസ്ത്രത്തിന് ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് തുക അനുവദിച്ചിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു.

റിവൈസ്ഡ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിൽ വന്ന സാങ്കേതിക പ്രയാസങ്ങളും, തൊഴിലുറപ്പ് പ്രവൃത്തികളുടെ രൂപീകരണം നിർവഹണം, മോണിറ്ററിങ്ങ് എന്നിവ നിയന്ത്രിക്കുന്ന സോഫ്റ്റ് വെയറുകളിലെ അപാകതകളും, കത്തിയൊഴുകി പെയ്ത മഴയും ഈ മാറ്റുകൾ യഥാസമയം വിനിയോഗിക്കുന്നതിന് തടസ്സമായി എന്നും താമസിയാതെ ഇവ പ്രയോജനപ്പെടുത്താനാവുമെന്നും തൊഴിലുറപ്പ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചു.

## 3-9 പ്ലാൻ ഫണ്ട് റിഫണ്ട് -കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം

മാനേജർ , ഗ്രാമീൺ ബാങ്ക്, പഞ്ചായത്തിന് ചെക്ക് നം -813039/-11.10.2017 പ്രകാരം നൽകിയ 50000/-രൂപ 2016-17 ൽ ഓട്ടോറിക്ഷ വിതരണ പ്രോജക്ട് നിർവ്വഹണം നടത്തിയതിൽ ഗുണഭോക്താവിന്ന് സബ്സിഡിയിനത്തിൽ ബാങ്കിൽ അടവാക്കിയ തുക ഗുണഭോക്താവ് പദ്ധതി നടപ്പിലാക്കാത്തതിനാൽ തിരികെ നൽകിയ തുകയാണ് . ആയതിനാൽ പദ്ധതി വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ് .

## 3-10 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയായില്ല

തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനാണ് 267/2018 പ്രോജക്ട്.ലോക ബാങ്ക് ധനസഹായ തുകയിൽ നിന്ന് 171308/- രൂപയും, തനത് ഫണ്ട് 400000/- രൂപയും ഉൾപെടെ 571308/- രൂപയാണ് പ്രോജക്ട് അടങ്കൽ. വകയിരുത്തിയ തുകയിൽ നിന്ന് ബിൽ 15/30.12.2017 പ്രകാരം 171308/- രൂപ ചെലവുണ്ട്.പഞ്ചായത്തിന്റെ പരിധിയിലെ വിവിധ സ്ഥലങ്ങളിൽ പുതുതായി 265 വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സെക്രട്ടറിയാണ് നിർവഹണം നടത്തുന്നത്.15 വാട്ട്സിന്റെ ഓട്ടോമാറ്റിക്ക് എൽ.ഇ.ഡി ആണ് സ്ഥാപിക്കുന്നത്. പ്രോജക്ട് നിർവഹണം നടത്തുന്നത് സിൽക്ക് (Steel Industries kerala limitted എന്ന സ്ഥാപനമാണ് . ഒരു വിളക്കിന് 2150 രൂപ (12% GST ഉൾപ്പെടെ) നിരക്കിലാണ് പ്രവൃത്തി സിൽക്ക് എന്ന അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്നത്.പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.സ്ഥാപനം ഹാജരാക്കിയ പ്രഫോർമ ഇൻവോയ്സ് പ്രകാരം പ്രവൃത്തിക്ക് 569750/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ വിവരം പ്രസ്തുത സ്ഥാപനം പഞ്ചായത്ത് അധികാരികളെ അറിയിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

2.പ്രോജക്ടിനായി വകയിരുത്തിയ ലോക ബാങ്ക് ധനസഹായ തുകയിൽ നിന്ന് 171308/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

3.സിൽക്ക് പഞ്ചായത്തിന് നൽകിയ 06.12.2017 ലെ കത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ് എന്ന് പഞ്ചായത്തിനെ അറിയിക്കുന്നുണ്ട്.എന്നാൽ ഓഡിറ്റ് തിയ്യതിവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

4.നിർഹണ ഏജൻസിയായ സിൽക്ക് 29.11.2017 ന് പഞ്ചായത്തുമായി കരാർ വെക്കുന്നുണ്ട്. "work will be completed within 30 days from the date of agreement" എന്നാണ് കരാർ വ്യവസ്ഥ. എന്നാൽ കരാർ വെച്ച് പത്ത് മാസം കഴിഞ്ഞിട്ടും വർക്ക് പൂർത്തിയാക്കിയില്ല എന്നത് കരാർ ലംഘനമാണ്.

5.തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നത് ഊർജ മേഖല വികസന സ്ഥിരം സമിതിയുടെ ചുമതലയിൽ വരുന്നതാണ്. ഓഡിറ്റ് വർഷം വികസന സ്ഥിരം സമിതി 15 തവണ യോഗം ചേർന്ന് മിനുട്സ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ പ്രോജക്ട് നിർവഹണം വൈകുന്നത് സംബന്ധിച്ച് യാതൊരു ചർച്ചയും വികസന സ്ഥിരം സമിതിയുടെ പരിഗണക്ക് വന്നില്ല എന്ന്

മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

6.ജൂൺ 2017 മുതൽ 11041/- രൂപയാണ് പഞ്ചായത്ത് വൈദ്യുതി ചാർജ് അടവാക്കി വരുന്നത്. മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവൃത്തിയുടെ ഫലമായി വൈദ്യുതി ചാർജിൽ വർദ്ധനവ് വന്നിട്ടില്ല എന്നും വ്യക്തമാവുന്നു.267/2018 പ്രോജകട് റിപ്പയർ പ്രവൃത്തിയാണോ എന്ന് വ്യക്തമാക്കിയിട്ടില്ല

7.പ്രോജക്ട് നിർവഹണത്തിന്റെ പ്രായോഗികമായ ഫലപ്രാപ്തി ഭരണ സമിതി എപ്രകാരമാണ് വിലയിരുത്തിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. മോണിറ്ററിങ്ങ് സമിതിയായി വർത്തിക്കേണ്ട വികസന സ്ഥിരം സമിതി ഈ പ്രോജക്ടിന്റെ മോണിറ്ററിങ്ങ് നടത്തിയതായ രേഖയും ഫയലിൽ ഇല്ല.അപാകതകൾ ഓഡിറ്റ് എൻക്വയറി (നമ്പർ 11/17-18/17.9.2018 )മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിങ് സ്ഥിരം സമിതി കാര്യക്ഷമമാക്കേണ്ടതാണ്.

## 3-11 പി.എച്ച്.സി .യ്ക്ക് മരുന്നുകൾ ലഭ്യമായില്ല.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല.
1. പ്രൊജക്ട് നം. S 101/18 (PHC മരുന്ന് വാങ്ങൽ)
അടങ്കൽ – 1,50,000 (MG-NR)
ബിൽ നം.4/13-11-2017, 1,00,000

2. പ്രൊജക്ട് നം. S 102/18 (പരിരക്ഷ ഹോം കെയർ പരിപാടികൾ)
അടങ്കൽ – 6,69,800 (പ്ലാൻ ജനറൽ)
ചെലവ് – ബിൽ നം.5/13-11-2017, 2,85,400

മേൽ പ്രൊജക്ടുകൾ പ്രകാരം മെഡിക്കൽ ഓഫീസർ - പി.എച്ച്.സി, കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 3,85,400രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 32,458 രൂപയുടെ മരുന്നുകൾ മാത്രമേ KMSCL വിതരണം ചെയ്തിട്ടുള്ളൂ.ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 3,52,942 രൂപ തടസ്സം ചെയ്യുന്നു.തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-12 ഹരിത കേരളം -ഗ്രോബാഗിന് അധിക സബ്സിഡി നൽകി

| | |
|---|---|
| നിർവ്വഹണം<br>കൃഷിഓഫീസർ | പ്രോജക്ട് നമ്പർ -121/18<br>ഹരിത കേരളം (പച്ചക്കറി കൃഷി വികസനം) |
| അടങ്കൽ<br>-356337പ്ലാൻഫണ്ട്<br>-118895/-രൂപ ഗു.വി | ചെലവ് -356337/-പ്ലാൻ ഫണ്ട്,<br>ഗുണഭോക്തൃവിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല |
| ബിൽ നം 7/17-15/6.318<br>-356337/- | 223 പേർക്ക് 25 ഗ്രോബാഗ് വീതം -5575 എണ്ണം<br>പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ മുഖേന ഗ്രോബാഗ് വാങ്ങി പദ്ധതി നടപ്പാക്കി<br>അനുവദിച്ച വില -223യൂണിറ്റ് x@2000 =446000/- രൂപയുടെ 80 %ആയ 356337/-രൂപ പദ്ധതി വിഹിതം നൽകി |

സർക്കാർ ഉത്തരവ് GO(MS)3998/2017/12.12.2017 സബ്സീഡി മാർഗ്ഗ രേഖ പ്രകാരം ഗ്രോബാഗിന് പരമാവധി ഒരെണ്ണത്തിന് 60/-രൂപ നിരക്കിൽ 75 % വരെ സബ്സീഡി നൽകാവുന്നതാണ് . എന്നാൽ 62.12/-രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത് .മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 1 ഗ്രോബാഗിന് 2.12/-രൂപ നിരക്കിൽ 5575 (223x25) ഗ്രോബാഗിന് 11819/-രൂപ അധികമായി അനുവദിച്ചു.തുക തിരികെ ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അതിന്ന് പുറമേ ഗുണഭോക്തൃ വിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ പദ്ധതി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.അധികം നൽകിയതുക 11819/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 പരിരക്ഷ - ഹോംകെയർ പരിപാടികൾ-മോണിട്ടറിങ് കാര്യക്ഷമമല്ല

പ്രൊജക്ട് : പരിരക്ഷ - ഹോംകെയർ പരിപാടികൾ
പ്രോജക്ട് നം. : S102/18
അടങ്കൽ : 6,69,800 (പ്ലാൻ -ജനറൽ)
ചെലവ് 285400/-

പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൻെറ നിർവ്വഹണത്തിൽ പാലിയേറ്റീവ് പരിചരണത്തിനു വേണ്ടിയുള്ള മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് :

1. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.3 ൽ സൂചിപ്പിച്ച പ്രകാരം ഓരോ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമ പഞ്ചായത്ത് ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി) രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ അതിനിടക്കുള്ള ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതാണ്. എന്നാൽ പി എം സി മിനുട്സ്(2017-18) പരിശോധിച്ചതിൽ വർഷാരംഭത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിച്ചതിന്റെ വിവരം ഇല്ല. 2017-18 വർഷം 5 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

മാർഗ്ഗരേഖ ഖണ്ഡിക 2..11.1 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ വെച്ച് ഓരോ മാസവും അവലോകന യോഗം ചേരേണ്ടതാണ്. 2017-18 വർഷം 5 തവണ മാത്രമാണ് അവലോകന യോഗം ചേർന്നിട്ടുള്ളത്.

2. മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ സൂചിപ്പിച്ച പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മറ്റിയും (പി.ഐ.സി) രൂപീകരിക്കേണ്ടതുണ്ട്. എല്ലാ മാസവും 5-ാം തിയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. എന്നാൽ അപ്രകാരം കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല.

3. മാർഗ്ഗരേഖ ഖണ്ഡിക 2.6.2-(3) പ്രകാരം ഹോംകെയർ ടീം കുറഞ്ഞത് 16 ഗൃഹസന്ദർശനമെങ്കിലും മാസത്തിൽ നടത്തേണ്ടതുണ്ട്. 04/2017, 05/2017 എന്നീമാസങ്ങളിൽ മാത്രമാണ് 16 ഗൃഹസന്ദർശനങ്ങൾ നടത്തിയിട്ടുള്ളത്. മിക്ക മാസങ്ങളിലും 13 ഗൃഹസന്ദർശനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്.ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ഇതു സംബന്ധിച്ച് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-14 SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് - SSA വിഹിതം നൽകൽ	പ്രോ.നം. - S106/18

അടങ്കൽ - 7,00,000 (പ്ലാൻ - ജനറൽ)	ബിൽ നം. 1/10-08-2017 : 7,00,000/-

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്.

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി പിൻവലിച്ച 7,00,000 രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-15 ആട് വളർത്തൽ (വനിത,ജനറൽ, എസ്.സി ) സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണം -വെറ്റിനറി സർജ്ജൻ | പ്രോജക്ട് നം -108/18(വനിത) (ജനറൽ)<br>പ്രോജക്ട് നം -306/18(എസ്.സി) |
| അടങ്കൽ -700000 -108/18(വനിത) ജനറൽ<br>അടങ്കൽ -400000, -(306/18)എസ്.സി | ചെലവ് -700000/-108/18(വനിത) (ജനറൽ)<br>ചെലവ് -228000/-(306/18)എസ്.സി |
| ബിൽ നം- P-3/17-18/6.1.18 -120000<br>ബിൽ നം- P-7/17-18/12.1.18 100000<br>ബിൽ നം- P-8/17-18/12.1.18-170000<br>ബിൽ നം- P-11/17-18/16.2.18-60000<br>ബിൽ നം- P-15/17-1/31.1.18-110000<br>ബിൽ നം- P-22/17-18/28.3.18-30000<br>ബിൽ നം- P-24/17-1/28.3.18-110000<br>108/18(വനിത) ജനറൽ | ബിൽ നം- P-17/17-18/12.3.18 -60000<br>ബിൽ നം- P-20/17-18/28.3.18 -60000<br>ബിൽ നം- P-25/17-18/28.3.18 -96000<br>ബിൽ നം- P-26/17-18/28.3.18 -12000<br>(306/18)എസ്.സി |

| | |
|---|---|
| | |
| ആട് വിതരണം -(വനിത )(70 x10000 ) | ആട് വിതരണം -(എസ്.സി )(19x12000 ) |

താഴേപ്പറയുന്ന അപാകതകൾ കാണുന്നു

1.2017-18 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ആട്ട വിതരണം നടത്തുന്നതിന്ന് മലപ്പുറം,തൃശ്ശൂർ ,പാലക്കാട് ജില്ലയിലെ ഗുണഭോക്താക്കൾക്ക് അട്ടപ്പാടി ബ്ലാക്ക് ഇനത്തിൽ പ്പെട്ട ആടുകളെ വിതരണം ചെയ്യണമെന്ന് സർക്കുലർ നം -DD-3/2017/L.S.G.D /1.7.2017 (G.O.(MS)80/2017/L.S.GD/3.4.2017 മാർഗ്ഗ രേഖയുടെ ഭേദഗതി ) പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ് .എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല.ഇതു സംബന്ധിച്ച പ്രോക്യൂർമെൻറ് കമ്മറ്റി ഈ വിഷയത്തിൽ കാര്യമായ ഇടപെടൽ നടത്തിയിട്ടില്ല .മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പർച്ചേസ് കമ്മറ്റി തീരുമാനങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്ന് സമർപ്പിച്ച മറുപടി അംഗീകരിക്കുന്നു .അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകുമ്പോൾ ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സമ്മതപത്രം ലഭ്യമാക്കേണ്ടതാണ് .മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-16 ബ്രോയിലർ യൂണിറ്റിന് ധനസഹായം -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

| നിർവ്വഹണം-വെറ്റിനറി സർജ്ജൻ | പ്രോജക്ട് നം-110/18 ,അടങ്കൽ-250000 |
|---|---|
| ബിൽനം- p-10/17-18/16.2.18-50000<br>ബിൽനം- p-12/17-18/12.3.18-100000<br>ബിൽനം-p -16/17-18/16.2.18-50000 | ചെലവ് -200000/- |

| ഗുണഭോക്താവ് | റിമാർക്ക്സ് |
|---|---|
| (1)അബ്ദുൾ നാസ്സർ വൈശ്യാർ<br>മണ്ണാർമല (വീട്ടുനം -15/143 ) | 1.കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br>2.അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല<br>2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല(2017-18 ലെ വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷയിൽ പ്രതിവർഷ വരുമാനം 50000/-രൂപയിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്.)<br>3.ഗുണഭോക്താവ് 0.5053 ഹെക്ടർ ഭൂമിയുടെ കൈവശ രേഖ മാത്രമേ ഹാജരാക്കിയിട്ടുള്ളു<br>4.2500 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കി യിട്ടുണ്ട് |
| (2)അബ്ദുൾ ഫൈസൽ ,പന്തല്ലൂർ വീട്<br>മേൽക്കുളങ്ങര (വീട്ടു നം-11/88 A) | കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് 1.ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br>2.അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| | 2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല(2017-18 ലെ വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷയിൽ പ്രതിവർഷ വരുമാനം 50000/-രൂപയിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്)<br>3.ഗുണഭോക്താവ് 0.1680ഹെക്ടർ ഭൂമിയുടെ കൈവശ രേഖ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ<br>4.1800 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട് |
| (3)മുഹമ്മദ് മുസ്തഫ .പി.ടി,പുത്തൻകോട്ട്<br>(വീട്ടു നം-7/97 ) | 1.കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br>2.അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടല്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br>2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല(2017-18 ലെ വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷയിൽ പ്രതിവർഷ വരുമാനം 50000/-രൂപയിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്)<br>3.ഗുണഭോക്താവ് 0.2712 ഹെക്ടർ ഭൂമിയുടെ കൈവശ രേഖ മാത്രം ഹാജരാക്കി.<br>4.3000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട് |
| (4)രാമചന്ദ്രൻ കോട്ടയിൽ,കോട്ടയിൽ വീട്<br>വെട്ടത്തൂർ (വീട്ടനം- /10 | 1.കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br>2.അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടല്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല<br>2.0.1816ഹെക്ടർ ഭൂമിയുടെ കൈവശ രേഖ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ<br>3..1500 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട് |
| (5)മുഹമ്മദ് അബ്ദുൾ അഷ്റഫ് ,തോരക്കാട്ടിൽ<br>വീട്ടനം -(8/177B) | 1.കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br>2.അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടല്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br>3.0.2226 ഹെക്ടർ ഭൂമിയുടെ കൈവശ രേഖ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ<br>4.1500 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട് |
| (6)മൊയ്തീൻകുട്ടി .വി | കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് |

| | |
|---|---|
| ,വൈശ്യാർ വീട്<br><br>പട്ടിക്കാട് (വീട്ടു നം 286 /15) | ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br><br>അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമസഭാ തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br><br>2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല(2017-18 ലെ വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷയിൽ പ്രതിവർഷ വരുമാനം 50000/-രൂപയിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്.<br><br>3.0.2185ഹെക്ടർ ഭൂമിയുണ്ട്<br><br>4.1500 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട് |
| (7)ഷൗക്കത്തലി ,കെ,കൊട്ടുവായക്കൽ വീട്<br><br>മണ്ണാർമല (വീട്ടുനം-15/124) | കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br><br>അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമസഭാ തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br><br>2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല(2017-18 ലെ വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷയിൽ പ്രതിവർഷ വരുമാനം 50000/-രൂപയിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്.<br><br>3.1.7522 ഹെക്ടർ ഭൂമിയുണ്ട്<br><br>4.1900 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട് |
| (8)ഫാത്തിമ .പി .ടി ,പുത്തൻകോട്ട് വീട്<br><br>(വീട്ടു നം-10/185) | കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരമുള്ള ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.<br><br>അപേക്ഷ ഫോം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട്, വർക്കിങ്ഗ്രൂപ്പ് തീരുമാനം ,ഗ്രാമസഭാ തീരുമാനം ,ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br><br>2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല(2017-18 ലെ വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷയിൽ പ്രതിവർഷ വരുമാനം 50000/-രൂപയിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്.<br><br>3.ഗുണഭോക്താവിന് 0.2104 ഹെക്ടർ ഭൂമിയുണ്ട്<br><br>4.1700 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട്. |

പൊതുനിരീക്ഷണങ്ങൾ

1.ഗുണഭോക്താവിന്റെ കൈവശ ഭൂമിക്ക് ആനുപാതികമായിട്ടല്ല തുക അനുവദിച്ചിട്ടുള്ളത് .

2. കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടം 2012 പ്രകാരം 1 സെന്റ് സ്ഥലത്ത് 15 കോഴികൾ എന്ന നിരക്കിൽ സ്ഥലസൗകര്യം ആവശ്യമാണ്. എന്നാൽ ആയത് എല്ലാ ഫാമുകളും പാലിച്ചതായി കാണുന്നില്ല.

3.പഞ്ചായത്ത് ലഭ്യമാക്കിയ 2017-18 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 30 കോഴിഫാമുകൾ പഞ്ചായത്തിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ തൻവർഷം 15 ഫാമുകൾക്ക് മാത്രമാണ് ലൈസൻസ് നൽകികാണുന്നത് . യഥാർത്ഥത്തിൽ എത്ര ഫാമുകൾ ഉണ്ടെന്ന് പഞ്ചായത്തിൻെറ നേതൃത്വത്തിൽ പരിശോധന നടത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
4.ഇതു സംബന്ധിച്ച് മോണിട്ടറിങ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകി സ്ഥിരം സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട് . മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

## 3-17 വാഴകൃഷി വികസനം -അപാകതകൾ

| | |
|---|---|
| നിർവ്വഹണം- കൃഷി ഓഫീസർ | പ്രോജക്ട് -117/18 (വാഴകൃഷി വികസനം ) |
| അടങ്കൽ -10,00,000/- | ചെലവ് 5,00,000/- |
| ബിൽ നം -3/17-18/12.12018 | 231 ഗുണഭോക്താക്കൾക്ക് തുക നൽകി |

പ്രസ്തുത പദ്ധതി പ്രകാരം 231 ഗുണഭോക്താക്കൾക്ക് 50,000 എണ്ണം വാഴ കൃഷി ചെയ്യുന്നതിന്ന് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 500000 രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഒരു വാഴയ്ക്ക് 10 രൂപ വീതമാണ് നൽകിയിട്ടുള്ളത്. 3.4.2017ലെ ജി.ഒ.(എം.എസ്) 80/2017/ത.സ്വ.ഭ.വ.നമ്പർ മാർഗ്ഗരേഖ പ്രകാരം വാഴ കൃഷിയ്ക്ക് തൈ, വളം എന്നിവയ്ക്ക് ഒഴികെ സബ്സിഡിയോ കൂലി ചെലവോ നൽകാൻ അനുമതിയില്ല. ജൈവവളം വിതരണം ചെയ്യുന്നതിന്ന് ഉള്ള മാർഗ്ഗ നിർദ്ദേശം താഴെക്കൊടുക്കുന്നു.

1.പ്രദേശികമായി ഉദ്പ്പാദിപ്പിക്കുന്ന ജൈവവളം കൃഷി ഓഫീസർ കൺവീനറായിട്ടുള്ള പർച്ചേസ് കമ്മറ്റി വാങ്ങി വിതരണം ചെയ്യേണ്ടതുണ്ട് .ആയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.കർഷകർ ജൈവവളം വാങ്ങി ഉപയോഗിച്ചതായി സാക്ഷ്യപ്പെടുത്തൽ ഇല്ല.

3.ജില്ലാതല യൂണിറ്റ് കോസ്റ്റ് വിവരം ഹാജരാക്കിയിട്ടില്ല.

4 . വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.വികസന സ്ഥിരം സമിതി മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

## 3-18 തെങ്ങ് കൃഷി വികസനം -അപാകതകൾ

| | |
|---|---|
| നിർവ്വഹണം- കൃഷിഓഫീസർ | പ്രോജക്ട് നം 122/18 -(തെങ്ങ് കൃഷി വികസനം) |
| അടങ്കൽ -398616 | ചെലവ് -207350 |
| ബിൽ നം6/17-18 /6.318-183728<br>ബിൽ നം 8/17-18 /22.318-23622 | 129 ഗുണഭോക്താക്കൾക്ക് തുക നൽകി<br>409 തെങ്ങിൻ തൈ സർക്കാർ സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകി |

1.തൈകൾ വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയിട്ടില്ല.

2.വളം നൽകൽ രാസവളമോ /ജൈവവളമോ എന്ന് വ്യക്തതമാക്കിയിട്ടില്ല

3ജൈവ വളമാണെങ്കിൽ പ്രദേശികമായി ഉദ്പ്പാദിപ്പിക്കുന്ന ജൈവവളം കൃഷി ഓഫീസർ കൺവീനറായിട്ടുള്ള പർച്ചേസ് കമ്മറ്റി വാങ്ങി വിതരണം ചെയ്യേണ്ടതുണ്ട് .ആയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല

4കർഷകർ ജൈവവളം/രാസ വളം വാങ്ങി ഉപയോഗിച്ചതായി സാക്ഷ്യപ്പെടുത്തൽ ഇല്ല.

5ജില്ലാതല യൂണിറ്റ് കോസ്റ്റ് വിവരം ഹാജരാക്കിയിട്ടില്ല

5 വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
മാർഗ്ഗ രേഖയ്ക്ക അനുസൃതമായി പ്രോജക്ടുകൾ നിർവ്വഹണം നടത്തേണ്ടതാണ്.സ്ഥിരം സമിതി മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 107250 | നെൽകൃഷി കൂലി,ചെലവ് | 107250 | 0 |
| | 178550 | വൃദ്ധർക്ക് കട്ടിൽ | 177388 | 1162 |
| ജില്ലാപഞ്ചായത്ത് | 72250 | നെൽകൃഷി | 72250 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 44348/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | ഖണ്ഡിക3(3) | 6695 | അസി.എൻജിനിയർ | 117040100581/18.5.17 |
| 2015-16 | ഖണ്ഡിക3(4) | 7104 | ശ്രീ.പ്രസന്നകുമാർ | 117040100588/19.5.17 |
| 2015-16 | ഖണ്ഡിക3(1) | 6882 | ശ്രീ.പ്രസന്നകുമാർ | 117040100604/20.5.17 |
| 2015-16 | ഖണ്ഡിക3(2) | 19987 | ശ്രീ.പ്രസന്നകുമാർ | 117040100605/20.5.17 |
| 2015-16 | ഖണ്ഡിക2(1) | 250 | ശ്രീ.പ്രസന്നകുമാർ | 117040100807/17.6.17 |
| 1995-96 | ഖണ്ഡിക-29 | 382 | ശ്രീ.നൗഷാദൽ.വി | 117040100637/24.5.17 |
| 2016-17 | ഖണ്ഡിക-3(7) | 3048 | അസി.എൻജിനിയർ | 117040100880/24.6.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2(18) | 2006-07 | 3.71.2 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | നിയമസഭാ സമിതി പരിഗണനക്ക് എടുത്തിട്ടില്ല |
| 1998-99 | 2(17) | 2006-07 | 3.71.4 | KSEB ഡെപ്പോസിറ്റ് | |
| 1998-99 | 2(21) | 2006-07 | 3.71.5 | മരാമത്ത് പണി അധിക തുക നൽകി. | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടി വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ | സർചാർജ്ജ് വി | തുക | ഈടാക്കിയത് | അവശേഷിക്കു | റിമാർ |
|---|---|---|---|---|---|---|---|---|---|

| | | | | ഉദ്യോഗ സ്ഥൻ | വരം | | | ന്ന തുക | ക്ക് സ് |
|---|---|---|---|---|---|---|---|---|---|
| 1 | വെട്ടത്തൂർ ഗ്രാ.പ | 97-68 | 36 (1),(2) 38,40,42,43,44 | കെ.പി.രാമ കൃഷ്ണൻ | LF-6538/ special cell /SCD-3 /2000/14.1.2003 | 16181 | രശീതി നം-15963/74/ 20.12.2006 പ്രകാരം അടവാക്കി | 0 | |
| 2 | | 2004-05 | 3(24)3 പാർട്ട് | എ.വി.ചന്ദ്രൻ, അസി.എൻജിനിയർ | LF-16498/special cell /SCD-1 /10/19.5.2012 | 166348 | രശീതി നം11204100678/ 12.7.2012 പ്രകാരം 166348 /-രൂപ അടവാക്കി | 0 | |
| 3 | | 2004-05 | 3(24)3 പാർട്ട് | എ.സത്യനാരായണൻ | LF-16498/ special cell /SCD-1 /10/19.5.2012 | 166348 | 0 | 1663458 | O.P130/12 ജില്ലാകോടതി ,മഞ്ചേരി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69500834.68 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58535299.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 28407/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11819/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1262592/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-1 | 23618 | - | സെക്രട്ടറി,ശ്രീമതി .പ്രേമ .വി.ജി |
| 2-3 | 4789 | | സെക്രട്ടറി,ശ്രീമതി .പ്രേമ .വി.ജി |
| 3-12 | - | 11819 | കൃഷി ഓഫീസർ,ശ്രീ.വി.രാജീവൻ |
| ആകെ | 28407 | 11819 | |

ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 209650 | അസി.സെക്രട്ടറി,ശ്രീ.മോഹൻദാസ്.ടി.സി |
| 3-11 | 352942 | മെഡിക്കൽ ഓഫീസർ,ഡോ.ശബ്ന |
| 3-14 | 700000 | ഹെഡ് മിസ്ട്രസ്സ് ,ശ്രീമതി.സാലിക്കുട്ടി.പി.വി |
| | 1262592 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നം | നിർവ്വഹണോദ്യോഗസ്ഥൻ | തുക |
|---|---|---|
| 2-1, 2-2 | സെക്രട്ടറി, ശ്രീമതി.പ്രേമ.വി.ജി | 117+238 (ലൈബ്രറി സെസ്സ്) |

| | | |
|---|---|---|
| 3-1 | അസി.എൻജിനിയർ ,ശ്രീ.അരുൺ.വി | 55938 (സേവന നികുതി) |
| 3-2 | അസി.എൻജിനിയർ , ശ്രീമതി.ശുഭ.പി.വി | 29031 (ആദായ നികുതി)<br>14477 (KCWWF) |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി,ശ്രീമതി.പ്രേമ വി.ജി | സെക്രട്ടറി ,വെട്ടത്തൂർ ഗ്രാ.പ | ശ്രീലക്ഷ്മി മന്ദിരം പാതായ്ക്കര,മലപ്പുറം 679322 |
| കൃഷി ഓഫീസർ രാജീവൻ .വി.വി | കൃഷി ഓഫീസർ,വെട്ടത്തൂർ ഗ്രാ.പ | പുതുക്കളങ്ങര വീട് ചെമിനി, കാസർക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.11/201/14, തീ:7-4-14 | 35 |
| 1998-99(വരവ്) | എൽഎഫ് എം 11/2845(15)/12 തി. 12-0-13 | 4 |
| 1998-99 (ചെലവ്) | എൽ എഫ് എം 11/2845 /12 (14),തി. 13-8-13 | 21 |
| 1999-2000 | എൽ.എഫ്.എം.11/2845/12 (16), തി.13-3-13 | 24 |
| 2000-01 | എൽ.എഫ്.എം.11/2845(1)/12 (16), തി.13-3-13 | 16 |
| 2001-02 | എൽ.എഫ്.എം.16/1167/09 /10 തി.10-10-10 | 18 |
| 2002-03 | എൽ.എഫ്.എം.16/2299/09 തി.10-10-10 | 16 |
| 22003-04 | എൽ.എഫ്.എം.11/2845/12 (18), തി.13-3-13 | 23 |
| 2004-05 | എൽ.എഫ്.എം.16/1989/09, തി.27-7-10 | 43 |
| 2005-06 | എൽ.എഫ്.എം. 16/ 107/10,തി.10-10-10 | 33 |
| 2006-07 | എൽ.എഫ്.എം..16/1457/10 , തി.28-11-09 | 29 |
| 2008-09 | എൽ.എഫ്.എം. 11/1199/11/, തി.12-5-11 | 13 |
| 2009-10 | എൽ.എഫ്.എം. 11/ 689A/12തി. 2-6-12 | 8 |
| 2010-11 | എൽ.എഫ്.എം.11/689B/12, തീ:2-6-12 | 7 |
| 2011-12 | എൽ.എഫ്.എം.11/2844/12 തി.4-1-13 | 3 |
| 2012-13 | എൽ എഫ് എം11/379/14 തി.4-4-14 | 6 |
| 2013-14,2014-15 | കെ എസ് എ എം പി എം 11/760/2016 തി.25-4-16 | 31 |

| | | |
|---|---|---|
| 2015-16 | കെ എസ് എ എം പി എം11/2683/2016 തീ. 3.10.2016 | 20 |
| 2016-17 | കെ എസ് എ എംപിഎം11/1292/2017 തീ. 6.7.2017 | 5 |

ഡെപ്യൂട്ടിഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.(11)/1554/2018

തിയതി 29.8.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിൻെറ2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം